# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി 13/1762/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/11/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി 13/1762/25 തീയ്യതി: 27/11/2025

# പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2024 മുതൽ 10-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി | ഡെപ്യൂട്ടി ഡയറക്ടർ | 13-10-2025 | 22-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-10-2025 | 22-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത യു ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഹിഷാം എം സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കാർത്തിക പി സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആതിര എച്ച് സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രതി ഗോപാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ അജയകുമാർ പി | സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീ അനീഷ് പി വി | സെക്രട്ടറി | 04-09-2024 | 30-09-2024 |
| ശ്രീ ജഗദീഷ് വി | സെക്രട്ടറി | 01-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷെർളി എസ് | അസി.സെക്രട്ടറി | 01-04-2024 | 03-09-2024 |
| ശ്രീമതി രാജി മാത്യു | അസി.സെക്രട്ടറി | 04-09-2024 | 17-09-2024 |
| ശ്രീമതി അനിത എ | അസി.സെക്രട്ടറി | 18-09-2024 | 29-10-2024 |
| ശ്രീമതി രമ്യ കെ ബി | അസി.സെക്രട്ടറി | 30-10-2024 | 31-03-2025 |
| ശ്രീമതി പ്രജിത വി കെ | അസി. എഞ്ചിനീയർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി മനീഷ പി കെ | കൃഷി ഓഫീസർ | 01-04-2024 | 16-12-2024 |
| ശ്രീ ജസ് ബീർ കെ മൊയ്തീൻ | കൃഷി ഓഫീസർ | 17-12-2024 | 31-12-2024 |
| ശ്രീമതി ഹരിയ കൃഷ്ണ വി | കൃഷി ഓഫീസർ | 01-01-2025 | 31-03-2025 |
| ഡോ. എസ് രവി | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.ശ്രീകുമാരൻ എം എസ് | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2024 | 31-03-2025 |
| ഡോ.സന്ധ്യ എസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ശ്യാമിലി വിശ്വൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശോഭന കെ പി | ഹെഡ് മിസ്ട്രസ്സ് | 01-04-2024 | 31-03-2025 |
| ശ്രീമതി സൗപർണിക | വി ഇ ഒ | 01-04-2024 | 07-02-2025 |
| ശ്രീ ബിപിൻ ലാൽ | വി ഇ ഒ | 08-02-2025 | 31-03-2025 |
| ശ്രീമതി പ്രിയ പി ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

-

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വായ്പാതിരിച്ചടവ് -നീക്കിയിരുപ്പിൽ കുറച്ചിട്ടില്ല | 1-1-4 |
| 6 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | വാടക വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല | 1-11-1 |
| 17 | വാടക അടയ്ക്കുന്നതിൽ കാലതാമസം-പലിശ വിവരങ്ങൾ കരാറിൽ രേഖപ്പെടുത്തിയില്ല | 1-11-2 |
| 18 | ജി.എസ്.ടി തുക പിരിച്ചെടുത്തിട്ടില്ല | 1-11-3 |
| 19 | വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല | 1-11-4 |
| 20 | വാടക കരാറിൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ല | 1-11-5 |
| 21 | വാടക വരവ് | 1-11 |
| 22 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക- അപാകതകൾ | 1-12 |
| 23 | വസ്തു നികുതി വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ - | 1-13 |
| 24 | ലൈസൻസ് ഫീ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 25 | തൊഴിൽ നികുതി വരവിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-15 |
| 26 | തെരുവു വിളക്ക് മെയിന്റനൻസ് - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ-1056094രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല | 1-16 |
| 27 | തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-17 |
| 28 | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-പൂർത്തീകരണ വിവരം ഇല്ല- | 1-18 |
| 29 | ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-19 |
| 30 | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങിയത് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-20 |
| 31 | വനിത ഹോസ്റ്റലിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - തുടർ നടപടികളുടെ വിവരം ഇല്ല - | 1-21 |
| 32 | അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല- | 1-22 |
| 33 | പൊതു സ്ഥലങ്ങളിൽ സിസി ടിവി സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 34 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട്-മരുന്നുകൾ ലഭ്യമായിട്ടില്ല | 1-24 |
| 35 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-25 |
| 36 | വീട് വാസയോഗ്യമാക്കൽ പ്രോജക്ട്- മൂല്യ നിർണയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-26 |
| 37 | സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണം മോണിട്ടർ ചെയ്യപ്പെടുന്നില്ല- | 1-27 |
| 38 | ഇ ടെണ്ടർ ഫീ വരവ് തനത് ഫണ്ടിലേക്ക് സമയബന്ധിതമായി മുതൽക്കൂട്ടിയിട്ടില്ല- | 1-28 |
| 39 | എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - പുരോഗതി വിവരങ്ങൾ - അവലോകനം | 1-29 |
| 40 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-30 |

| | | |
|---|---|---|
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി വരവിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| **ഭാഗം 3** | | |
| 1 | തെരുവു വിളക്ക് മെയിന്റനൻസ് - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ-1056094രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/ വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഓങ്ങല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025. തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 5.07.25 തീയതിയിലെ 1(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 5.07.25 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം : പാലക്കാട്
തീയതി : 27.11.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകതകൾ താഴെ ചേർക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4041327.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6280936.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ വിവരം ഏത് കാലയളവ് വരെ കാലികമാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (Fixed Assets), B-11(A) – Accumulated Depreciation - എന്നീ ഷെഡ്യൂളുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

**1-1-4 വായ്പാതിരിച്ചടവ് -നീക്കിയിരുപ്പിൽ കുറച്ചിട്ടില്ല**

സമ്പൂർണ്ണ ഭവന പദ്ധതി വായ്പാതിരിച്ചടവ് – 2024-25 വാർഷിക കണക്ക്, വായ്പാ രജിസ്റ്റർ എന്നിവ പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

മുന്നിരിപ്പ് - 8166060

തിരിച്ചടവ് - 995687

നീക്കിയിരുപ്പ് -7170373

2023-24 സാമ്പത്തിക വർഷം പ്രൊജക്റ്റ് നം. 8/24 പ്രകാരം 1000000രൂപയും, 2024-25 സാമ്പത്തിക വർഷം പ്രൊജക്റ്റ് നം. 6/25 പ്രകാരം 2000000 രൂപയും തിരിച്ചടച്ചിട്ടുണ്ടെങ്കിലും ആയത് നീക്കിയിരുപ്പിൽ കുറവ് ചെയ്തിട്ടില്ല.

**1-1-5 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല**

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക ഡിമാന്റ് കൃത്യമാക്കി ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

ധനകാര്യസ്ഥിരം സമിതിയുടെ 3.02.24 തീയതിയിലെ തീരുമാനം നം. 2 പ്രകാരവും, പഞ്ചായത്ത് ഭരണ സമിതിയുടെ 7.02.24 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രകാരവും 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 25663540 |
| തൻവർഷം വരവ് | 353853000 |
| ആകെ | 379516540 |
| ചെലവ് | 375466309 |
| നീക്കിയിരിപ്പ് | 4050231 |

ധനകാര്യ സ്ഥിരം സമിതിയുടെ 27.02.25 തീയതിയിലെ യോഗ തീരുമാനം നം.2 പ്രകാരവും, പഞ്ചായത്ത് ഭരണ സമിതിയുടെ 19.03.25 തീയതിയിലെ യോഗ തീരുമാനം നം. 1 പ്രകാരവും ബജറ്റ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 25513540 |
| തൻവർഷം വരവ് | 303421134 |
| ആകെ | 328934674 |
| ചെലവ് | 310704388 |
| നീക്കിയിരിപ്പ് | 18230286 |

**1-3 സാമ്പത്തിക വിശകലനം**

Receipt & Payment Schedule പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 97969551 |
| വരവ് | 101037727 |
| ആകെ | 199007278 |
| ചെലവ് | 96996400 |
| നീക്കിയിരിപ്പ് | 102010878 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 35794440 | 35794440 | 35784545 | 9895 |
| വികസനഫണ്ട് -എസ്.സി.പി | 0 | 11216000 | 11216000 | 11216000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 21092000 | 21092000 | 15009905 | 6082095 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8235000 | 8235000 | 5480776 | 2754224 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 7886456 | 13089000 | 20975456 | 3544415 | 17431041 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 2916804 | 2916804 | 2435995 | 480809 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് ഗ്രാന്റ്- ബാങ്ക് | 2627631 | 6596143 | 9223774 | 4129646 | 5094128 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ഗ്രാന്റ്-ട്രഷറി | 0 | 269575 | 269575 | 0 | 269575 |

കേന്ദ്രാവിഷ്കൃതം

| ഫണ്ട് | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 7125742 | 3115680 | 10241422 | 871945 | 9369477 |
| PMAY | 0 | 42000 | 42000 | 0 | 42000 |

പ്രത്യേകോദ്ദേശ ഗ്രാന്റുകൾ

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ്(Diagnostic Infrastructure) | 870948 | 556901 | 1427849 | 799749 | 628100 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Conversion To Wellness Centres) | 295558 | 818166 | 1113724 | 281434 | 832290 |
| Ayurveda | 450000 | 0 | 450000 | 450000 | 0 |
| Suchitwa Mission | 1745939 | 0 | 1745939 | 1745939 | 0 |
| Grant For Stadium & Playground | 842359 | 0 | 842359 | 0 | 842359 |
| Kudumbasree -State Mission Grant | 1395837 | 0 | 1395837 | 0 | 1395837 |
| കുടിവെള്ളപദ്ധതി | 2000000 | 0 | 2000000 | 0 | 2000000 |

സംസ്ഥാനാവിഷ്കൃതം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 9607260 | 10442400 | 20049660 | 13570000 | 6479660 |

ഗ്രാന്റ് വിനിയോഗം ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്റ്റുകളായ (ജനറൽ) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്, അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം എന്നിവയുടെ ആകെ തുക 3411345/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വികസന ഫണ്ട് (എസ്.സി.പി) - ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രൊജക്റ്റുകളായ (എസ്.സി.പി) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ആകെ തുക 726631/- രൂപ വരവിലെടുക്കാതെ ചെലവിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് വ്യത്യസ്തമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|
| 332 | 314227709 | 228 | 126380717 | 104 | 69 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 69% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 40% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റുകൾക്ക് വകയിരുത്തിയ തുകയുടേയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 9310264 | 7480317 | 80 |
| വെറ്ററിനറി സർജ്ജൻ | 3 | 1 | 327585 | 43928 | 13 |
| മെഡിക്കൽ ഓഫീസർ- PHC | 18 | 16 | 8374987 | 5830969 | 70 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 5 | 5 | 1360000 | 1346400 | 99 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 15 | 8947903 | 6993442 | 78 |
| വി.ഇ.ഒ | 20 | 16 | 166365512 | 41723897 | 25 |
| സെക്രട്ടറി | 61 | 38 | 30198065 | 15111224 | 50 |
| അസി.സെക്രട്ടറി | 23 | 19 | 11458747 | 7834167 | 68 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 169 | 102 | 74769319 | 37393942 | 50 |
| ഹെഡ് മാസ്റ്റർ, ജി എൽ പി എസ് | 5 | 5 | 2190000 | 2060211 | 94 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 925327 | 562220 | 61 |
| ആകെ | 332 | 228 | 314227709 | 126380717 | 40 |

നിർവ്വഹണോദ്യോഗസ്ഥരായ വി ഇ ഒ, വെറ്ററിനറി സർജ്ജൻ എന്നിവരുടെ ചെലവ് 30% ത്തിൽ താഴെ മാത്രമാണ്. പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവ സമയബന്ധിതമായി നടപ്പിലാക്കേണ്ടതും, പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം സ്പിൽ ഓവർ പദ്ധതികൾ ആയവ സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ പരമായ വരവ് ചെലവുകൾ | 2734 | 1324108 | 1326842 | 1302890 | 23952 |
| ഇ എഫ് എം എസ് | 0 | 19611020 | 19611020 | 19611020 | 0 |
| ആകെ | 2734 | 20935128 | 20937862 | 20913910 | 23952 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 4,657,600 | 257 |
| 2 | വാർദ്ധക്യകാല പെൻഷൻ | 48,667,600 | 3457 |
| 3 | വികലാംഗ പെൻഷൻ | 8,185,700 | 539 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2,414,000 | 155 |
| 5 | വിധവാ പെൻഷൻ | 25,496,300 | 1677 |
| 6 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് പരിശോധന

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2025 തീയ്യതിയിൽ 02.20 PM മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.

9011 രൂപയുടെ (ഒമ്പതിനായിരത്തി പതിനൊന്ന് രൂപ ) നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു..

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 16.03.2028 വരെ പ്രാബല്യത്തിലുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

സദ്ഭരണത്തിന്റെ ഭാഗമായി ഇ-ഗവേണൻസ്, സ്ഥാപനത്തിലും, ഘടകസ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. തൻവർഷം അക്കൗണ്ടിംഗ്, തനത് ഫണ്ട് രേഖകൾ എന്നിവ ILGMS സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്തിട്ടുള്ളത്. K Smart Software 01.04.2025 മുതൽ നിലവിൽ വന്നിട്ടുണ്ട്. കെ.സ്മാർട്ടിൽ ബാങ്ക് റീകൺസിലിയേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള ഓപ്ഷൻ നിലവിൽ വരാത്തതിനാൽ പഞ്ചായത്ത് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2025 ഏപ്രിൽ മുതൽ നാളിതുവരെയുള്ള പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. അപാകതകൾ പ്രത്യേക ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

അക്കൗണ്ടിങ് റൂൾസ് പ്രകാരമുള്ള രജിസ്റ്ററുകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പൗരാവകാശരേഖ 2025 വരെ കാലികമാക്കിയിട്ടുണ്ട്. 14-ാം പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വർക്കിങ് ഗ്രൂപ്പ് മേഖലകളുടെ അവസ്ഥാ രേഖ സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്.

2024-25 വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുണ്ട്. വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കണമെന്നിരിക്കെ പദ്ധതി മോണിട്ടറിങ്ങിനായി യോഗം ചേർന്നിട്ടില്ല.

ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ, വിവിധ സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗങ്ങളുടെ നടപടിക്രമങ്ങൾഎന്നിവ സകർമ്മ ആപ്ലിക്കേഷൻ മുഖേനയാണ് തയ്യാറാക്കിയിട്ടുള്ളത്. ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ പല തീയതികളിലെയും മിനിട്ട്സുകൾ തയ്യാറാക്കിയതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തെ വാങ്ങലുകൾ വിവിധ പർച്ചേസ് കമ്മിറ്റി യോഗങ്ങളിലായി അംഗീകരിച്ചിട്ടുണ്ട്.

ആസ്തി പരിപാലനം

സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

സ്പിൽ ഓവറായിട്ടുള്ള മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതായുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2022 ഡിസംബർ മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഈ റിപ്പോർട്ട് പ്രകാരം ഖണ്ഡികകൾ ഒന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.
2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 27.06.2018 മുതൽ 07.07.2018 വരെയുള്ള തീയതികളിലായി നടത്തിയിട്ടുണ്ട്. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

## 1-11-1 വാടക വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ കെട്ടിടമായ 20/248/C നമ്പർ കെട്ടിടം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 15.07.2019 മുതൽ വാടകയ്ക്ക് നൽകി വരുന്നുണ്ട്. 28.03.2019 തീയതിയിലെ 3/1 നമ്പർ തീരുമാന പ്രകാരം കെ.എസ്.ഇ.ബി യ്ക്ക് വാടകയ്ക്ക് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 11.06.2024 തീയതിയിലെ 27(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം 15% വർദ്ധനയോടു കൂടി വാടക പുതുക്കി നൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

2023-24 വർഷത്തെ വാടക തുകയായ 12500 രൂപ തൻവർഷം 15% വർദ്ധിപ്പിച്ച് 14375 രൂപയാക്കിയിട്ടുണ്ട്. സ്ഥാപനവുമായി 23.08.2024 തീയതിയിൽ സെക്രട്ടറി കരാർ പുതുക്കിയിട്ടുണ്ട്.

രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൻവർഷം വാടകയിനത്തിൽ 143750 രൂപ താഴെപ്പറയും പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്.

1. 2024 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ -86250 (Rt No.1240001800/ 19.12.2024)

2. 2024 ഒക്ടോബർ മുതൽ നവംബർ വരെ -28750 (Rt No.1240002283/ 18.03.2025)

3. 2024 ഡിസംബർ മുതൽ 2025 ജനുവരി വരെ -28750 (Rt No.1240002284/ 18.03.2025)

2024-25 വർഷത്തെ 10 മാസത്തെ വാടകയിനത്തിൽ 143750 രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും വാർഷിക കണക്കിലെ RP-45 -ലെ Code 431400101 (Rent Receivables From Buildings- Current) ഹെഡിൽ 68750 രൂപ മാത്രമാണ് വാടകയിനത്തിൽ വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്. 75000 രൂപയുടെ വ്യത്യാസം കാണുന്നു.
2. തൻവർഷത്തെ 10 മാസത്തെ വാടക മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 2 മാസത്തെ വാടക കുടിശ്ശികയായ 28750 രൂപ പിരിച്ചെടുത്തിട്ടില്ല. (B-15 (431400101- Rent Receivables From Buildings(Current) -28750).

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/18.10.2025) 2023-24 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി അടച്ച വാടക തുകയായ 75000 രൂപ രണ്ടു തവണ രശീതി ചെയ്തുവെന്നും ആയത് 2024 മെയ് മാസത്തിലാണ് ക്യാൻസൽ ചെയ്തതെന്നും ഇപ്രകാരം നെഗറ്റീവ് ആയത് ശരിയാക്കുവാൻ കോൺട്രാ ചെയ്തുവെന്നും അതിനാലാണ് 75000 രൂപയുടെ വ്യത്യാസം വന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.
വരവുകൾ അതത് വർഷം അക്കൗണ്ട് ചെയ്യാനും ആയത് വാർഷിക കണക്കിൽ കൃത്യമായി പ്രതിഫലിക്കേണ്ടതുമാണ്. ലഭ്യമല്ലാത്ത വരവു തുക രണ്ടു തവണ രശീതി ചെയ്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതും ഇത്തരം തെറ്റുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. വാടക കുടിശ്ശിക പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-11-2 വാടക അടയ്ക്കുന്നതിൽ കാലതാമസം-പലിശ വിവരങ്ങൾ കരാറിൽ രേഖപ്പെടുത്തിയില്ല

KSEB യുമായി 10.12.2019-ൽ ചമച്ച പ്രഥമ കരാറിലെ ക്രമ നം.1 പ്രകാരം എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി വാടക അടയ്ക്കേണ്ടതും അല്ലാത്തപക്ഷം 5% പിഴ ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം കരാർ പുതുക്കിയപ്പോൾ പിഴ സംബന്ധിച്ച നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല. പിഴ ഒഴിവാക്കിയതിന്റെ ഭരണസമിതി തീരുമാനം ഹാജരാക്കുകയോ ചെയ്തിട്ടില്ല.

കരാറിൽ പിഴ സംബന്ധിച്ച നിബന്ധന ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/18.10.2025) കെ.എസ്.ഇ.ബി പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് വാടക തുക അടയ്ക്കുന്നതെന്നും ആയത് റീക്കൺസിലിയേഷൻ ചെയ്യുന്ന സമയത്താണ് രശീതി ആക്കുന്നതെന്നും ആയതിനാലാണ് പിഴ ഈടാക്കാത്തതെന്നും മറുപടി നൽകിയിട്ടുണ്ട്.

കരാറിൽ പിഴ സംബന്ധിച്ച നിബന്ധന ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ലഭ്യമായ വരവുകൾ അതത് ദിവസം തന്നെ രശീതി ചെയ്യാതിരുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

വൈകി അടയ്ക്കുന്ന വാടകയ്ക്ക് പിഴ ഈടാക്കേണ്ടതുമാണ്.

**1-11-3 ജി.എസ്.ടി തുക പിരിച്ചെടുത്തിട്ടില്ല**

വാടക കെട്ടിടങ്ങൾക്ക്, വാടകയോടൊപ്പം 18% ജി.എസ്.ടി കൂടി ബാധകമാണ്. എന്നാൽ കെ.എസ്.ഇ.ബി യിൽ നിന്നും വാടക പിരിച്ചെടുക്കുമ്പോൾ ജി.എസ്.ടി ഒഴികെയുള്ള തുക മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. തൻവർഷം പിരിച്ചെടുത്ത 10 മാസത്തെ വാടകയായ 143750 രൂപയുടെ 18% ജി.എസ്.ടി ആയി 25875 രൂപ പിരിച്ചെടുക്കാനുണ്ട്.

സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/18.10.2025) ജി.എസ്.ടി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്നും അടവാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

തൻവർഷം ബാധകമായ ജി.എസ്.ടി പിരിച്ചെടുത്ത് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വാടകയോടൊപ്പം 18% ജി.എസ്.ടി ആയി ഈടാക്കാതിരുന്ന സെക്രട്ടറിമാരുടെ ബാധ്യതയായിരിക്കുന്നതാണ്.

**1-11-4 വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല**

വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം (DCB) സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

**1-11-5 വാടക കരാറിൽ കാലാവധി രേഖപ്പെടുത്തിയിട്ടില്ല**

കെ.എസ്.ഇ.ബി നൽകിയ 22.04.2024 തീയതിയിലെ DB.53/Rent Ongallur/ED PTB/2024-25/66 നമ്പർ കത്തിൽ "വാടക കെട്ടിടത്തിന്റെ കാലാവധി 14.07.2022ന് അവസാനിച്ചിട്ടുള്ളതാണെന്നും പ്രസ്തുത കരാർ കാലാവധി അവസാനിച്ചിട്ടും കരാർ പുതുക്കി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ലെന്നും സെക്ഷൻ ഓഫീസിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി നിയമപ്രകാരമുള്ള 15 ശതമാനം വർദ്ധനയോടെ കരാർ പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ 11.06.2024 തീയതിയിലെ 27(1) നമ്പർ ഭരണസമിതി തീരുമാനത്തിൽ 15.07.2019 മുതൽ അഞ്ചു വർഷത്തേക്കാണ് കെട്ടിടം വാടകയ്ക്ക് നൽകിയിരിക്കുന്നത് എന്നും ലാൻഡ് വാല്യൂ നിർണ്ണയിക്കാൻ സാധിക്കാത്തതിനാൽ നിയമപ്രകാരമുള്ള 15 ശതമാനം വാടക വർദ്ധനയോടു കൂടി കരാർ പുതുക്കി നൽകുന്നതിനും ആണ് തീരുമാനിച്ചിട്ടുള്ളത്. കരാറിൽ എത്രകാലത്തേക്കാണ് വാടകയ്ക്ക് നൽകിയത് എന്ന് വ്യക്തമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കെ.എസ്.ഇ.ബി നൽകിയ കത്തിലും ഭരണസമിതി തീരുമാനത്തിലും വാടകയ്ക്ക് നൽകിയ കാലാവധി വ്യത്യസ്തമായാണ് പറഞ്ഞിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/18.10.2025) മറുപടി നൽകിയിട്ടില്ല.

കരാറിൽ എത്ര വർഷത്തേയ്ക്ക് ആണ് വാടകയ്ക്ക് നൽകുന്നത് എന്ന് കൃത്യമായി രേഖപ്പെടുത്താതിരുന്നതിനുള്ള കാരണവും യഥാർത്ഥത്തിൽ എത്ര വർഷത്തേയ്ക്കാണ് കരാർ ചമച്ചിട്ടുള്ളതെന്നും വ്യക്തമാക്കേണ്ടതാണ്.

**1-11 വാടക വരവ്**

ഗ്രാമപഞ്ചായത്തിൽ വാടകയിനത്തിൽ പിരിച്ചെടുത്ത വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

**1-12 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക- അപാകതകൾ**

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. പൊരുത്തപ്പെടുത്തൽ (റീകൺസീലിയേഷൻ)

പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രിക (റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്) തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2025 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിലെ രേഖപ്പെടുത്തലുകളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. റിക്കൺസിലിയേഷൻ തയ്യാറാക്കിയിട്ടില്ല.

| Sl No. | Bank | Account No |
|---|---|---|
| 1 | SBI CFC PFMS Account | 40159553637 |
| 2 | SBI | 30892726215 |
| 3 | SBI (01.04.2024 മുതൽ നടത്തിയിട്ടില്ല) | 43616247339 |
| 4 | SBI | 37042363858 |
| 5 | CANARA BANK( Health Grant Diagnostic Infra) | 110057222151 |
| 6 | HDFC UPI Account | 50200085347682 |
| 7 | SBI- MGNREGA | 30044824446 |
| 8 | SBI- Ownfund E-Payment | 67199025645 |
| 9 | Co-Operative Bank Own Fund | 100173 |
| 10 | SBI | 404633 |
| 11 | Sports Lottery Account | 103100010409207 |
| 12 | CANARA BANK( Health Grant Coversion PHC) | 110057222416 |

2. നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല.

ബാങ്ക് റീക്കൺസിലിയേഷൻ പരിശോധിച്ചതിൽ താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31/03/2025 -ലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് ലെ RP-40 (B) & ബാലൻസ് ഷീറ്റിലെ B-17 പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | ബാങ്ക് റീക്കൺസിലിയേഷനിലെ രേഖപ്പെടുത്തിയ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | റസീപ്റ്റ് & പേയ്മെന്റ് ലെ RP-40 (B) & ബാലൻസ് ഷീറ്റിലെ B-17 പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| SBI CFC PFMS Account-40159553637 | 22650434 | 22525169 |
| SBI-Own Fund-E Payment (67199025645) | 25627304 | 25756536 |

3. ബാങ്ക് റീക്കൺസിലിയേഷൻ പ്രകാരമുള്ള പാസ്സ്ബുക്ക് ബാലൻസും യഥാർത്ഥ ബാങ്ക് പാസ്സ്ബുക്ക് ബാലൻസും പൊരുത്തപ്പെടുന്നില്ല

SBI-Own Fund-E Payment (67199025645) എന്ന ബാങ്ക് അക്കൌണ്ടിന്റെ 31.03.2025-ലെ ബാങ്ക് റീക്കൺസിലിയേഷൻ പ്രകാരമുള്ള പാസ്സ്ബുക്ക് ബാലൻസ് 26447777 രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള യഥാർത്ഥ ബാങ്ക് പാസ്സ്ബുക്ക് ബാലൻസ് 2644776654 രൂപയാണ്. ബാങ്ക് റീക്കൺസിലിയേഷൻ നടത്തുന്നതിൽ കൃത്യത ഇല്ലാത്തതിനാലാണ് തുകയിൽ വ്യത്യാസം വന്നിട്ടുള്ളത്.

4. നിക്ഷേപിച്ച ചെക്കുകൾ പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല-

തനത് ഫണ്ട് (കോ-ഓപ്പറേറ്റീവ് ബാങ്ക്-100173) 30.03.2025-ലെ റീക്കൺസിലിയേഷൻ പരിശോധിച്ചതിൽ, താഴെപ്പറയുന്ന ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായിട്ടും അക്കൗണ്ടിൽ ചെക്ക് മാറി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ആയിട്ടില്ല.

| വൗച്ചർ നം, തീയതി | തുക |
|---|---|
| 120020500084/ 16.03.2021 | 1178 |

| | |
|---|---|
| 121200900297/ 31.03.2022 | 26587 |
| 120020500078/ 16.03.2021 | 1063 |
| 1230102545/ 08.09.2023 | 25000 |
| 1230001539/ 20.11.2023 | 14345 |
| 120020500085/ 16.03.2021 | 1178 |
| 120020500077/ 16.03.2021 | 1063 |
| 120020500082/ 16.03.2021 | 1063 |
| 120020500075/ 16.03.2021 | 1332 |
| 120020500079/ 16.03.2021 | 1178 |
| 120020500081/ 16.03.2021 | 1332 |
| 120200900063/ 16.03.2021 | 2664 |
| 120020500083/ 16.03.2021 | 1178 |
| 120020500080/ 16.03.2021 | 1063 |
| 12020500070/ 10.03.2021 | 28184 |
| 117020500049/ 27.02.2018 | 57500 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.10.2025) കെ-സ്മാർട്ടിൽ റിക്കൺസിലിയേഷൻ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമല്ലെന്നും 2021 മുതൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാണുന്ന ചെക്കിലെ തുകകൾ ബൗൺസ് ആയിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ -

വസ്തു നികുതി വരവ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ, 10-ാം വാർഡിലെ 49/MT നമ്പരിൽ പ്രവർത്തിക്കുന്ന BSNL ടവറിന് 2016-17 മുതലുള്ള വസ്തു നികുതി കുടിശ്ശികയിനത്തിൽ 282133 രൂപ പിരിച്ചെടുക്കാനുണ്ട്. എന്നാൽ തുക ഇതുവരെയായിട്ടും പിരിച്ചെടുത്തിട്ടില്ല.

2. വസ്തു നികുതി തരം മാറ്റി നിശ്ചയിച്ചിരിക്കുന്നു.

വസ്തു നികുതി പരിഷ്ക്കരിച്ചതിൽ 100 ച.മീ താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 50 രൂപയും 100 ച.മീ മുകളിലുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് 60 രൂപയുമാണ്. 100 ച.മീ മുകളിലുള്ള താഴെപ്പറയുന്ന കെട്ടിട്ടങ്ങളെ 100 ച.മീ താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| വാർഡ് നം, കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 10/88/G | സെറീന, കല്ലിങ്ങത്തൊടിയിൽ, മേലേപട്ടാമ്പി | 114.17 ച.മീ |
| 13/342/B | മുഹമ്മദ് എന്ന മണി, വരമംഗലത്ത്, പാറപ്പുറം | 156.74 |

ഗണം മാറ്റി വസ്തു നികുതി നിർണ്ണയിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 207 (1) (ബി) (2023 ലെ 18-ാം ഭേദഗതി ആക്ട്, 2023 ലെ കേരള ധനകാര്യ 2-ാം നമ്പർ ആക്ട്) പ്രകാരം 01.04.2023 പ്രാബല്യത്തിൽ അൺ-എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളതും സഞ്ചയ സോഫ്റ്റ്‌വെയറിൽ വിദ്യഭ്യാസാവശ്യത്തിനുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ചുവടെ ചേർത്തിട്ടുള്ള അൺ-എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ബാധകമായ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 14/80, 14/80/A, 14/80/A1 | അൽ-ഹുദ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ |
| 18/222/A | മൌണ്ട് ഹിര ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ |
| 19/502 | CGM ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/22.10.2025) മറുപടി നൽകിയിട്ടില്ല.
അപാകതകൾ പരിഹരിച്ച്, വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതും, തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

**1-14 ലൈസൻസ് ഫീ - പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ**

ലൈസൻസ് ഫീ പിരിച്ചെടുത്തതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ വരവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2. ലൈസൻസ് ഫീ പിരിച്ചെടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് പരിധിയിൽ B കാറ്റഗറിയിൽ താഴെപ്പറയുന്ന 4 ക്വാറികൾ പ്രവർത്തിച്ചു വരികയും 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | ക്വാറിയുടെ പേര് | ഉടമയുടെ പേര് | സർവ്വേ നം |
|---|---|---|---|
| 1 | മോറിയ ഗ്രാനൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് | ശ്രീ. അബ്ദുൾ ഗഫൂർ, പാറക്കാട്ടിൽ ഹൗസ് വല്ലപ്പുഴ പി.ഓ, പട്ടാമ്പി | Area-0.9122 Ha<br>Survey No 369/1/2, 368/4/1,<br>368/3 In Ongallur 2 Village |
| 2 | ഹസ്സൻ ഗ്രൂപ്പ് ഓഫ് ബിൽഡിങ് സ്റ്റോൺ ക്വാറി | നജീബ് ഹസൻ.എൻനമ്പ്രത്ത് ഹൗസ് വളാഞ്ചേരി പി.ഓ മലപ്പുറം/ഹസ്സൻ ഗ്രൂപ്പ് ബിൽഡിങ് സ്റ്റോൺ ക്വാറി | Area-0.8747 Ha<br>Resurvey No-372/1-2 Ongallur -2 Village |
| 3 | എ.കെ സൺസ് ക്വാറി | ശ്രീ. മുസ്തഫ.എ, അമ്പലക്കുളം ഹൗസ്, ചൂരക്കോട്, വല്ലപ്പുഴ-Palakkad | Area-0.7487 Ha<br>Survey 129/1<br>Ongallur 1 Village |
| 4 | സുകുമാരൻ കെ, പ്രസിഡന്റ്, ഒറ്റപ്പാലം താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി | ഒറ്റപ്പാലം താലൂക്ക് കരിങ്കൽ ക്വാറി ഓപ്പറേറ്റേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | സർവേ നം. 3/141 ഓങ്ങല്ലൂർ വില്ലേജ് 1 |

തൻവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽപ്പറഞ്ഞ ക്വാറികളിൽ, എ.കെ സൺസ് ക്വാറി മാത്രമാണ് ലൈസൻസ് പുതുക്കിയിട്ടുള്ളതായി കാണുന്നത്. മറ്റു മൂന്ന് ക്വാറികൾ ലൈസൻസ് പുതുക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/22.10.2025) മറുപടി ലഭ്യമായിട്ടില്ല.
അപാകതകൾ പരിഹരിച്ച് തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-15 തൊഴിൽ നികുതി വരവിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി/കമ്പനി ഓരോ അർദ്ധ വർഷവും ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ നിർണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കാവുന്ന നിരക്കുകളിൽതൊഴിൽ നികുതി ചുമത്തേണ്ടതാണ്.

തൊഴിൽ നികുതി വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു -

**1.ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും പ്രത്യേകം പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് ഓരോ സാമ്പത്തിക വർഷവും കാലികമാക്കേണ്ടതുമാണ്.

2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കാത്ത അർദ്ധ വർഷം |
|---|---|
| വാടാനംകുറിശ്ശി ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| മരുതൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| ഓങ്ങല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| നീതി ലാബ്, വാടാനംകുറിശ്ശി | I & II |
| മെഡ്സ്റ്റാർ ഹോസ്പിറ്റൽ, കുളപ്പുള്ളി | I & II |
| ടെക്നിക്കൽ അസിസ്റ്റന്റ് | I |
| പ്രോജക്ട് അസിസ്റ്റന്റ് | I |
| ഹെൽത്ത് ഇൻസ്പെക്ടർ | I |
| MGNREGS (4 Staffs) | I & II |
| കൃഷി ഭവൻ, ഓങ്ങല്ലൂർ (5 Staffs) | I |
| ഹോമിയോ ഡിസ്പെൻസറി, ഓങ്ങല്ലൂർ (3 Staffs) | I |
| AUPS പുലശ്ശേരിക്കര (11 Staffs) | I |
| GLPS വാടാനംകുറിശ്ശി (16 Staff) | I |
| ALPS മുള്ളൂർക്കര (10 Staff) | I |
| AMUPS കാരാക്കാട് (29 Staff) | I |
| സൌഥി സ്റ്റീൽസ്, പട്ടാമ്പി (9 Staff) | II |
| KSEB ഇലക്ട്രിക്കൽ ഡിവിഷൻ, പട്ടാമ്പി | I |
| KSEB ഇലക്ട്രിക്കൽ ഡിവിഷൻ, ഓങ്ങല്ലൂർ | I |
| ഗ്രാന്റ് ഹുണ്ടായി, പോക്കുപടി | I |
| റെയിൽവേ സ്റ്റേഷൻ, വാടാനംകുറിശ്ശി | I |
| റെയിൽവേ സ്റ്റേഷൻ, കാരക്കാട് | I |
| സുട്ടിരൺ കാപിറ്റൽ | I |
| അക്ഷയ കേന്ദ്രം, ഓങ്ങല്ലൂർ | I & II |
| നിർണ്ണയ സ്പെഷാലിറ്റി ലബോറട്ടറി & ഇസിജി, ഓങ്ങല്ലൂർ | I & II |

3. തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. തൊഴിൽ നികുതി കുറവായി ഈടാക്കി

27.06.2024 തീയതിയിലെ സ.ഉ(സാധാ) നം.1149/2024/LSGD ഉത്തരവ് പ്രകാരം തൊഴിൽ നികുതി സ്ലാബുകൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാരിൽ നിന്നും മേൽ ഉത്തരവ് പാലിക്കാതെ രണ്ടാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി കുറവായി ഈടാക്കിയിരിക്കുന്നു.

**1. സ്ഥാപനത്തിന്റെ പേര് - അൽഹുദ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, ഓങ്ങല്ലൂർ**

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം. & തീയതി |
|---|---|---|---|---|---|---|
| 1 | സിന്ധു, HSA | 48000 | 450 | 600 | 150 | 1240400674/ 26.03.2025 |
| 2 | ലിജ്ജ, HSA | 48000 | 450 | 600 | 150 | |
| 3 | നന്ദിനി, HSA | 72000 | 600 | 750 | 150 | |
| 4 | ഉഷ, HSA | 72000 | 600 | 750 | 150 | |
| 5 | സുജാത, HSA | 57000 | 450 | 750 | 300 | |
| 6 | ധന്യ.കെ, HSA | 54000 | 450 | 750 | 300 | |
| 7 | ഫർസാന, HSA | 54000 | 450 | 750 | 300 | |
| 8 | പ്രിയ, HSA | 48000 | 450 | 600 | 150 | |
| 9 | ശ്രുതി, HSA | 57000 | 450 | 750 | 300 | |
| 10 | വിനിഷ, HSA | 48000 | 450 | 600 | 150 | |
| 11 | ദീപ, HSA | 48000 | 450 | 600 | 150 | |
| 12 | ശ്രീലേഖ, HSA | 54000 | 450 | 750 | 300 | |
| 13 | നാസർ, IT ടീച്ചർ | 48000 | 450 | 600 | 150 | |
| 14 | സൗമ്യ, LPSA | 51600 | 450 | 750 | 300 | |
| 15 | രേഷ്മ.പി, LPSA | 57000 | 450 | 750 | 300 | |
| 16 | ഹംസ.K,T, UPSA | 54000 | 450 | 750 | 300 | |
| 17 | അബ്ദുൾ റഷീദ്, UPSA | 48000 | 450 | 600 | 150 | |
| 18 | സ്മിജ, KG Teacher | 36000 | 300 | 600 | 300 | |
| 19 | ടിസ്സി, KG Teacher | 36000 | 300 | 600 | 300 | |
| 20 | രതി, KG Teacher | 57000 | 450 | 750 | 300 | |
| 21 | സൗമ്യ, KG Teacher | 48000 | 450 | 750 | 300 | |
| 22 | ഫാത്തിമ, ആയ | 39000 | 300 | 600 | 300 | |
| 23 | നബീസ, ആയ | 39000 | 300 | 600 | 300 | |
| 24 | പത്മിനി, ആയ | 39000 | 300 | 600 | 300 | |
| 25 | വിനിത, ആയ | 36000 | 300 | 600 | 300 | |
| 26 | കാർത്ത്യായനി, ആയ | 36000 | 300 | 600 | 300 | |
| 27 | വിജയലക്ഷമി, ആയ | 36000 | 300 | 600 | 300 | |
| 28 | ആതിര, ആയ | 36000 | 300 | 600 | 300 | |
| 29 | സുമിത, ആയ | 36000 | 300 | 600 | 300 | |
| 30 | ആസ്മ, ഓഫീസ് അറ്റന്റഡ് | 48000 | 450 | 750 | 300 | |
| 31 | വീരാൻകുട്ടി, ഡ്രൈവർ | 72000 | 600 | 750 | 150 | |
| 32 | അബ്ദുൾ റഹ്മാൻ.എൻ, ഡ്രൈവർ | 72000 | 600 | 750 | 150 | |
| 33 | ഖാലിദ്, ഡ്രൈവർ | 72000 | 600 | 750 | 150 | |
| 34 | വീരാൻകുട്ടി, ഡ്രൈവർ | 72000 | 600 | 750 | 150 | |
| 35 | അബ്ദുൾ റഹ്മാൻ.കെ.ടി, ഡ്രൈവർ | 72000 | 600 | 750 | 150 | |

| | | | | | | |
|---|---|---|---|---|---|---|
| 36 | അമീർ, ഡ്രൈവർ | 72000 | 600 | 750 | 150 | |
| | | | 15900 | 24450 | 8550 | |

2. Davisons Associates, Manjalungal

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം. & തീയതി |
|---|---|---|---|---|---|---|
| 1 | രവികുമാർ, സെയിൽസ് എക്സിക്യൂട്ടീവ് | 72000 | 600 | 750 | 150 | 1240107811/ 20.03.2025 |
| 2 | ജിഷ്ണു, സെയിൽസ് എഞ്ചിനീയർ | 72000 | 600 | 750 | 150 | |
| 3 | വിജി, അക്കൗണ്ടന്റ് | 60000 | 600 | 750 | 150 | |
| | | | 1800 | 2250 | 450 | |

3. ഗ്രാന്റ്ഹുണ്ടായി, പോക്കുപടി

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം. & തീയതി |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് യുനൈസ്, സർവ്വീസ് അഡ്വൈസർ | 58500 | 450 | 750 | 300 | 1240400246/ 17.03.2025 |
| 2 | വിമൽ.കെ, സെയിൽസ് എക്സിക്യൂട്ടീവ് | 58500 | 450 | 750 | 300 | |
| 3 | രമ്യ, SME സെയിൽസ് | 54000 | 450 | 750 | 300 | |
| 4 | അഞ്ജന, CRE | 57000 | 450 | 750 | 300 | |
| 5 | നവീൻ.പി.കെ, ടെക്നീഷ്യൻ | 66000 | 600 | 750 | 150 | |
| 6 | പ്രസന്ന, ലോബി ഹോസ്റ്റർ | 69000 | 600 | 750 | 150 | |
| 7 | വിഷ്ണു.പി, സ്പെയർ പാർട്ട്സ് | 48000 | 450 | 750 | 300 | |
| | | | 3450 | 5250 | 1800 | |

4.മൗണ്ട് ഹിറ ഇംഗ്ലീഷ് സ്ക്കൂൾ

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക | അർദ്ധ വാർഷിക വരുമാനം (രൂപ) | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീതി നം. & തീയതി |
|---|---|---|---|---|---|---|
| 1 | മനീഷ, ടീച്ചർ | 72000 | 600 | 750 | 150 | 1240106690/ 28.02.2025 |
| 2 | റഹീന, ടീച്ചർ | 66600 | 600 | 750 | 150 | |
| 3 | സുമയ്യ.കെ, ടീച്ചർ | 72000 | 600 | 750 | 150 | |
| 4 | Rajani.P, ടീച്ചർ | 70800 | 600 | 750 | 150 | |
| 5 | ശില.കെ.വി, ടീച്ചർ | 70800 | 600 | 750 | 150 | |
| 6 | സുജിത.കെ.കെ. ടീച്ചർ | 70800 | 600 | 750 | 150 | |
| 7 | പ്രസീദ.എം, ടീച്ചർ | 70800 | 600 | 750 | 150 | |
| 8 | സുനിത.ടി.പി. ടീച്ചർ | 70800 | 600 | 750 | 150 | |
| 9 | സുനിത.പി, ടീച്ചർ | 70800 | 600 | 750 | 150 | |

| | | | | | | |
|---|---|---|---|---|---|---|
| 10 | അനുശ്രീ.കെ.എസ്. ടീച്ചർ | 70800 | 600 | 750 | 150 | |
| 11 | റിൻഷില.എം.എ. ടീച്ചർ | 63600 | 600 | 750 | 150 | |
| 12 | ലൈല ബീഗം, ടീച്ചർ | 63000 | 600 | 750 | 150 | |
| 13 | ഷഹാന ഷെറിൻ, ടീച്ചർ | 63000 | 600 | 750 | 150 | |
| 14 | ജസീല.ടി.കെ, ടീച്ചർ | 63000 | 600 | 750 | 150 | |
| 15 | ഷിബ്ല ഷയാന, ടീച്ചർ | 63000 | 600 | 750 | 150 | |
| 16 | ഷഹീദ, ടീച്ചർ | 63000 | 600 | 750 | 150 | |
| 17 | ഖദീജ തസ്ലി, ടീച്ചർ | 63000 | 600 | 750 | 150 | |
| 18 | ഷഹബാസ് ബീഗം, ടീച്ചർ | 66600 | 600 | 750 | 150 | |
| 19 | ഷഹ്‌ല, ടീച്ചർ | 66000 | 600 | 750 | 150 | |
| 20 | ജസീന, ടീച്ചർ | 72000 | 600 | 750 | 150 | |
| 21 | ജംഷീറ, ടീച്ചർ | 63000 | 600 | 750 | 150 | |
| 22 | സജീദ, നോൺ ടീച്ചിങ്ങ് സ്റ്റാഫ് | 63000 | 600 | 750 | 150 | |
| 23 | സജിത്ത മുഹമ്മദ്, നോൺ ടീച്ചിങ്ങ് സ്റ്റാഫ് | 60000 | 600 | 750 | 150 | |
| 24 | ഷഫീദ, നോൺ ടീച്ചിങ്ങ് സ്റ്റാഫ് | 54000 | 450 | 750 | 300 | |
| | | | 14250 | 18000 | 3750 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/22.10.2025) മറുപടി നൽകിയിട്ടില്ല. മേൽപ്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുറവായി നികുതി ഈടാക്കിയ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഭാഗം 2-1 കാണുക).

## 1-16 തെരുവു വിളക്ക് മെയിന്റനൻസ് - ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ-1056094രൂപയുടെ അധികച്ചെലവ് അംഗീകരിക്കുന്നില്ല

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 119/25 (New), **തെരുവു വിളക്ക് മെയിന്റനൻസ്** |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 2500000/- |
| ചെലവ് | 1898174/- (വികസന ഫണ്ട് - പൊതുവിഭാഗം -സാധാരണ വിഹിതം)<br>ട്രഷറി ബിൽ നം.30/07-01-2025 – 652914/-<br>46/10-03-2025 – 386460/-<br>47/12-03-2025 - 858800/- |

ടെണ്ടർ ക്ഷണിച്ച് തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

29-06-2024ന് ഇ- ടെണ്ടർ ക്ഷണിക്കുകയും ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനാൽ 18-08-2024 ന് റീ ടെണ്ടർ ചെയ്യുകയും 3 പേർ ടെണ്ടറിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. 30-08-2024 തീയതിയിലെ 8(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം അബ്ദുൾ ലത്തീഫ്.കെ, കിളിയത്തുംകുഴി ഹൗസ്, PWD Electrical Contractor, Shine Electricals And PWD Contract Works Aliparamba എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർക്കാണ്

ടെണ്ടർ നൽകിയിട്ടുള്ളത്. രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്. വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം റിപ്പയർ ചെയ്തതിന്റെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് റിപ്പയർ സംബന്ധിച്ച പരാതി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3) കേരള ഫിനാൻസ് ആക്ട്, 2018 പ്രകാരം 2018-19 വർഷം മുതൽ മരാമത്ത് പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകൾക്ക് പ്രത്യേക സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുകയും കേരള സ്റ്റാമ്പ് ആക്റ്റിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്കും സേവനങ്ങൾക്കുമുള്ള എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ ആയിരം രൂപയ്ക്കും 1 രൂപ നിശ്ചയിച്ചു. കുറഞ്ഞത് 200 രൂപയും പരമാവധി 1 ലക്ഷം രൂപയുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം 'തെരുവ് വിളക്ക് പരിപാലനം' പദ്ധതിയ്ക്ക് 2500 രൂപയുടെ സ്റ്റാമ്പിലാണ് കരാർ വെക്കേണ്ടിയിരുന്നത്. എന്നാൽ 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിലാണ് കരാർ ചമച്ചിട്ടുള്ളത്. തന്മൂലം മുദ്രപത്ര വിലയിനത്തിൽ 2300/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

4) പദ്ധതി നടപ്പാക്കുന്നതിന് 29-06-2024ന് ഇ-ടെണ്ടർ ക്ഷണിച്ചതിലും 18-08-2024 ന് റീ ടെണ്ടർ ക്ഷണിച്ചതിലും 1200000/- രൂപയാണ് അടങ്കൽ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് 09-09-2024 തീയതിയിൽ ടെണ്ടർ കൈക്കൊണ്ട അബ്ദുൾ ലത്തീഫ്.കെ, കിളിയത്തുംകുഴി ഹൗസ്, PWD Electrical Contractor, Shine Electricals And PWD Contract Works Aliparamba എന്ന വ്യക്തിയുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിലും അടങ്കൽ തുകയായി 1200000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 28-11-2024 തീയതിയിലെ 1(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ഭേദഗതിയുടെ ഭാഗമായി അടങ്കൽ തുക 2500000/- രൂപയാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി താഴെ പറയുന്ന 3 സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ടെണ്ടറുകളിലെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | Shine Electricals & PWD Contract Works (Total Amount With Tax)(Rs.) | Advaith Associates (Total Amount With Tax) (Rs.) | A K Electricals And Solution (Total Amount With Tax) (Rs.) |
|---|---|---|---|---|
| 1 | LED Bulb 1*24 | 1130 | 420 | 380 |
| 2 | Sodium Vapour 1*250 | 5 | 450 | 400 |
| 3 | Sodium Vapour 1*150 | 5 | 400 | 375 |
| 4 | CFL 1*11 | 5 | 400 | 370 |
| 5 | CFL 2*11 | 5 | 420 | 400 |
| 6 | Tube Light 2*40 | 5 | 390 | 360 |
| 7 | Tube Light 1*40 | 5 | 370 | 360 |
| | ആകെ | 1160 | 2850 | 2645 |

കാട്ട് ചെയ്ത ആകെ തുകയിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ Shine Electricals & PWD Contract Works എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ LED ബൾബുകൾ റിപ്പയർ ചെയ്തതിനാണ് തുകകൾ ചെലവഴിച്ചിട്ടുള്ളത്. 5 രൂപ രേഖപ്പെടുത്തിയിട്ടുള്ള ഒരു ബൾബ് പോലും 2024-25 സാമ്പത്തിക വർഷത്തിൽ റിപ്പയർ നടത്തിയിട്ടില്ല.

28-11-2024 തീയതിയിലെ 42(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം പ്രൊജക്റ്റുമായി ബന്ധപ്പെട്ട് നടത്തിയ ടെണ്ടർ പ്രക്രിയയിൽ സുതാര്യത പ്രകടമല്ലെന്നും അഞ്ചു രൂപ കുറഞ്ഞ തുക രേഖപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് പ്രവൃത്തികൾ ഒന്നുപോലും ഏറ്റെടുക്കേണ്ട സാഹചര്യം കാണുന്നില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ LED 24W ബൾബുകൾ മാത്രമാണുള്ളത് എന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ A K Electricals And Solution എന്ന സ്ഥാപനം LED ബൾബ് റിപ്പയർ ചെയ്യുന്നതിന് ഏറ്റവും കുറവ് തുകയായ 380 രൂപ ക്വാട്ട് ചെയ്തത് പരിഗണിക്കാതെ Shine Electricals & PWD Contract Works എന്ന സ്ഥാപനം 1130/- രൂപ (മൂന്നിരട്ടിയോളം) ക്വാട്ട് ചെയ്തത് അംഗീകരിച്ചത് ശരിയായ നടപടിയല്ല. യഥാർത്ഥത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ തരം പരിഗണിക്കാതെ കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

Shine Electricals & PWD Contract Works എന്ന സ്ഥാപനം സമർപ്പിച്ച ഇൻവോയ്സുകൾ പ്രകാരം ആകെ 2216 ബൾബുകൾ റിപ്പയർ ചെയ്ത വകയിൽ 2504471/- രൂപ ചെലവ് വരുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/ തീയതി | റിപ്പയർ ചെയ്ത ബൾബുകളുടെ എണ്ണം | തുക (Rs.) |
|---|---|---|---|
| 1 | B2B/24-25/020/04-11-2024 | 326 | 368380/- |
| 2 | B2B/24-25/019/10-10-2024 | 365 | 412450/- |
| 3 | B2B/24-25/056/01-03-2025 | 321 | 363120/- |
| 4 | B2B/24-25/049/01-02-2025 | 439 | 496071/- |
| 5 | B2B/24-25/065/20-03-2025 | 422 | 476860/- |
| 6 | B2B/24-25/050/02-02-2025 | 343 | 387590/- |
| | | 2216 | 2504471/- |

* ക്രമ നം.3 പ്രകാരമുള്ള ഇൻവോയ്സിൽ 1131.21 രൂപ നിരക്കിലാണ് ഇൻവോയ്സ് സമർപ്പിച്ചിട്ടുള്ളത്.

ഏറ്റവും കുറഞ്ഞ തുകയായ 380 രൂപയുടെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ 842080/- (2216x380) രൂപ മാത്രമാണ് ചെലവ് വരുന്നത്. 1662391/- രൂപയുടെ അധിക ചെലവ് ഒഴിവാക്കാനുള്ള സാധ്യത പരിഗണിക്കാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത കാലയളവിലെ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത് ഇപ്രകാരമാണ് "ഷൈൻ ഇലക്ട്രിക്കൽസ്" എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ അപാകത ഉണ്ടെന്നും ടി ക്വട്ടേഷൻ അംഗീകരിക്കാൻ കഴിയില്ലെന്നും ഈ വിഷയത്തിൽ വിദഗ്ദോപദേശം സ്വീകരിച്ചതിന് ശേഷം മാത്രം ക്വട്ടേഷനുകൾ അടുത്ത കമ്മിറ്റിയിൽ അംഗീകരിച്ചാൽ മതിയെന്ന് അഭിപ്രായപ്പെട്ടിരുന്നതാണെന്നും എന്നാൽ ISO സർട്ടിഫിക്കേഷൻ സംബന്ധിച്ചതും മറ്റ് തിരക്കുകൾ മൂലവും ടെണ്ടർ അംഗീകരിച്ച ടി ഭരണ സമിതി തീരുമാനം യഥാസമയം ക്ലോസ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും തന്റെ അഭിപ്രായം രേഖപ്പെടുത്താതെയാണ് മിനിട്സ് ക്ലോസ് ചെയ്തിട്ടുള്ളതെന്നുമാണ്'. എന്നാൽ സെക്രട്ടറിയുടെ മറുപടി സാധൂകരിക്കുന്നതിനാവശ്യമായ രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചത് സംബന്ധിച്ച് സെക്രട്ടറി വിയോജന കുറിപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ആകെ റിപ്പയർ ചെയ്ത ബൾബുകളുടെ എണ്ണം - 2216

380/- രൂപ നിരക്കിൽ വരുന്ന ആകെ ചെലവ് - 2216*380 = 842080/-

1130/- രൂപ നിരക്കിൽ വരുന്ന ആകെ ചെലവ് - 2216*1130 = 2504471/-

(2216*1130 =2504080/- രൂപ ആണെങ്കിലും സ്ഥാപനം സമർപ്പിച്ച ഇൻവോയ്സുകൾ പ്രകാരം 2504471/- റിപ്പയർ ചെയ്ത ഇനത്തിലുള്ള ആകെ തുക)

തൻവർഷം നൽകിയ ആകെ തുക - 1898174/-

വ്യത്യാസം - 1898174 - 842080 = 1056094/-

തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിക്കാത്തതിനാലുള്ള നഷ്ടം 1056094/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ഖണ്ഡികയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്ക് രേഖകൾ സഹിതം വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 7/17-10-2025)

(ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്)

## 1-17 തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1196368 രൂപ കെ.എസ്.ഇ.ബി ഓങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്.

2025 മാർച്ച് മാസത്തെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിന്റെ ഡിമാന്റ് പ്രകാരം ഓങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 52 കൺസ്യൂമർ നമ്പറുകൾ ഉണ്ട്. ഇതിൽ കൺസ്യൂമർ നം. 1168010011693 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മാർച്ച്/2025 മാസം ആകെ 100678 രൂപ (വൗച്ചർ നം. 22401397/25-03-2025) കെ എസ് ഇ ബിയിലേക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത കൺസ്യൂമർ നം. 1168010011693 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മാത്രം 56872 രൂപ കെ എസ് ഇ ബി ഡിമാന്റ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർ നം. 1168010011693 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/22.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലിക്കമാക്കേണ്ടതും കൺസ്യൂമർ നം. 1165222019678 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ-പൂർത്തീകരണ വിവരം ഇല്ല-

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ പദ്ധതി നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി യിലേക്ക് തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 115/ 25 |
| അടങ്കൽ | 750000/- |
| ചെലവ് | 639947/- (598039/- വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം + 41908/- തനത് ഫണ്ട്) |
| ചെലവ് വിവരം | ട്രഷറി ബിൽ നം. 28/26-12-2024 - 19095/-<br>31/10-01-2025 - 480905/-<br>35/23-01-2025 - 98039/-<br>Santion Order No. 734/25-02-2025 – 18348/- (6110+12238)<br>704/12-02-2025 - 23560/- |
| എസ്റ്റിമേറ്റ് | DB/2024-25/AE/SRR/188, 23-11-2024 - 19095/- (വാർഡ് 8 ലെ പോസ്റ്റ്)<br>DB/ES/OGLR/Post Shifting/103/2024-25, 20-01-2025 - 578944/- (വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ )<br>DB/Estimate/2024-25/ESPTB/111, 24-02-2025 - 12238/- (മേനോൻപടി ഉമ്മർ മുസ്ലിയാർ റോഡിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ )<br>DB/SRR/2024-25/Demand Letter *231, 21-00-2025 – 6110-* (കരിപ്പോട്ടിൽചേരി കുമ്പാരൻകട്ടി ഡ്രൈനേജ് നിർമ്മാണം നടത്തുന്ന സ്ഥലത്ത് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ )<br>DB/SRR/2024-25/Demand Letter/221 , 10-02-2025 – 23560/- (കുമാരൻകട്ടി സീതകുമാരിപ്പടി ഡ്രൈനേജ് |

| | |
|---|---|
| | നിർമ്മാണം നടത്തുന്ന സ്ഥലത്ത് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ) |

വിവിധ കെ.എസ്.ഇ.ബി സെക്ഷനുകൾക്ക് തുക നൽകിയതിന്റെ വിവരം

കെ.എസ്.ഇ.ബി ഷൊർണ്ണൂർ - 48765/- (19095/- + 6110/- + 23560/-)

കെ.എസ്.ഇ.ബി ഓങ്ങല്ലൂർ - 578944/- (480905 + 98039)

കെ.എസ്.ഇ.ബി പട്ടാമ്പി - 12238/-

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കെ.എസ്.ഇ.ബി പട്ടാമ്പി സെക്ഷന് നൽകിയ 12238/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജാക്കിയിട്ടുണ്ട്.

കെ.എസ്.ഇ.ബി ഷൊർണ്ണൂർ, കെ.എസ്.ഇ.ബി ഓങ്ങല്ലൂർ എന്നീ സെക്ഷനുകൾക്ക് പ്രവൃത്തി നടപ്പാക്കുന്നതിന് തുക നൽകിയതുമായി ബന്ധപ്പെട്ട് KSEB യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും വിവിധ സ്ഥലങ്ങളിലെ പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾ നിലവിൽ പൂർത്തികരിച്ചിട്ടുണ്ടോ എന്ന വിവരവും പ്രവൃത്തി സംബന്ധിച്ച് നിലവിലെ സ്ഥിതി വിവരവും അറിയിക്കേണ്ടതാണ്. പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഫൈനൽ ബിൽ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.12/18-10-2025)

## 1-19 ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ - വിവരങ്ങൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം. | 290/25 |
| അടങ്കൽ | 229851/- |
| ചെലവ് | 229851/-<br>(204312/- ധനകാര്യ കമ്മിഷൻ അവാർഡ് + 25539/- തനത് ഫണ്ട്)<br>ട്രഷറി ബിൽ നം. 18/19-11-2024, 127695/-<br>48/14-03-2025, 76617/-<br>Sanction Order No.911/21-03-2025 - 25539/- |

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന IRTC, മുണ്ടൂർ എന്ന സ്ഥാപനവുമായി 01-06-2024 തീയതിയിൽ ഒരു വർഷത്തേക്ക് സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ പദ്ധതി പ്രകാരം 2024 ജൂൺ മാസം മുതൽ 2025 ഫെബ്രുവരി മാസം വരെയുള്ള കാലയളവിലെ 9 മാസത്തേക്കുള്ള കൺസൾട്ടേഷൻ ഫീസായി ആകെ 229851/- രൂപ (9*25539 = 229851/- ) പദ്ധതി പ്രകാരം നൽകിയിട്ടുണ്ട് (IRTC A/C 4318000100090103).

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17-03-2020 തീയതിയിലെ 331/സി5/2019/എസ്.എം നമ്പർ ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ഹരിത സഹായ സ്ഥാപനങ്ങൾ എല്ലാ മാസവും 5-ാം തീയതിക്ക് മുമ്പ് പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും ജില്ലാ ശുചിത്വ മിഷനും നൽകേണ്ടതാണ്. തുടർന്ന് 10-ാം തീയതിക്കുള്ളിൽ ശുചിത്വ മിഷൻ - ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ ഹരിത സഹായ സ്ഥാപനത്തിന്റെയും അവയുടെ പ്രവർത്തന പരിധിയിൽ വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും റിവ്യൂ സംഘടിപ്പിക്കേണ്ടതാണ്. ഇതിലൂടെ ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും കഴിയും. ഈ റിവ്യൂ യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ(ൻ), സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. 15-ാം തീയതിക്കുള്ളിൽ റിവ്യൂ യോഗത്തിന്റെ മിനിട്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ നൽകണം. മിനിട്സിന്റെ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനത്തിന്റെ കൺസൾട്ടൻസി ഫീസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ സ്ഥാപനത്തിന് തുക നൽകിയതിന്റെ വിവരങ്ങൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഹരിത സഹായ സ്ഥാപനം പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ട് സമർപ്പിച്ചത് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. കൂടാതെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽ ഉത്തരവിൽ സൂചിപ്പിച്ച പ്രകാരം എല്ലാ മാസവും റിവ്യൂ യോഗങ്ങൾ നടത്തിയതിന്റെയോ മറ്റ് നിർദ്ദേശങ്ങൾ പാലിച്ചതിന്റെയോ വിവരങ്ങളും സൂക്ഷിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച വിവരങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/18-10-2025)

**1-20 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങിയത് - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | 332/25 |
| അടങ്കൽ | 1060000/- |
| ചെലവ് | 657475/-<br>(354950/- ധനകാര്യ കമ്മിഷൻ അവാർഡ് + 302525 ജില്ലാപഞ്ചായത്ത് വിഹിതം)<br>ട്രഷറി ബിൽ നം.53/21-03-2025 - 354950/-<br>54/21-03-2025 - 302525/- |

2024-25 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ജെം പോർട്ടൽ മുഖേന ഹരിത കർമ്മ സേനയ്ക്ക് സ്വന്തമായി വാഹനം വാങ്ങിയിട്ടുണ്ട്. Mahindra & Mahindra Limitted, Mumbai, Maharashtra എന്ന സ്ഥാപനത്തിൽ നിന്നും Mahindra & Mahindra Pick Up Diesel 2523 CC വാഹനമാണ് വാങ്ങിയിരിക്കുന്നത് (ഇൻവോയ്സ് നം. IN01252703235315/10-03-2025). ഇൻവോയ്സ് പ്രകാരം 910140/- രൂപയാണ് വാഹനത്തിന്റെ വില. ആയതിൽ 657475/- രൂപയാണ് തൻവർഷം നൽകിയിട്ടുള്ളത്.

വാഹനം ഇൻഷ്യൂർ ചെയ്തതിന്റെ രേഖകളും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്ന വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 13/21-10-2025)

**1-21 വനിത ഹോസ്റ്റലിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - തുടർ നടപടികളുടെ വിവരം ഇല്ല -**

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്റ്റ് നം. : 179/25

2024-25 സാമ്പത്തിക വർഷത്തിൽ വനിത ഹോസ്റ്റലിലേക്ക് കിടക്കകൾ വാങ്ങൽ പദ്ധതി പ്രകാരം സഫാരി ട്രേഡിംഗ് കമ്പനി , ചട്ടിപ്പറമ്പ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും 3144/- രൂപ നിരക്കിലുള്ള 15 ബെഡുകളും (ആകെ ചെലവ് 15*3144 = 47160/-) പഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും സാനിറ്ററി നാപ്കിൻ വെന്റിംഗ് & ഡിസ്ട്രോയേഴ്സ് മെഷീൻ വാങ്ങൽ പദ്ധതി പ്രകാരം(പ്രൊജക്റ്റ് നം.379/25) KAICO Ltd. എന്ന സ്ഥാപനത്തിൽ നിന്നും സാനിറ്ററി നാപ്കിൻ ഡിസ്ട്രോയേഴ്സ് മെഷീനും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്(ചെലവ് - 42480/- രൂപ).

വനിത ഹോസ്റ്റലിന്റെ നിലവിലെ പ്രവർത്തന ക്ഷമത, നിലവിൽ എത്ര പേരാണ് താമസിക്കുന്നതെന്നും താമസിക്കുന്നവരുടെ പേര് വിവരങ്ങളും അടങ്ങുന്ന രേഖകൾ, ഹോസ്റ്റലിൽ ഉള്ള റൂമുകളുടെ എണ്ണം, അവയുടെ പ്രതിമാസ വാടക, ഹോസ്റ്റലിന്റെ നടത്തിപ്പ് ചുമതല നിശ്ചയിച്ചതിന്റെ വിവരം തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച വിവരങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതും, വാങ്ങിയ സാമഗ്രികളുടെ വിനിയോഗം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.14/21-10-2025)

**1-22 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല-**

| | | |
|---|---|---|
| പ്രൊജക്റ്റ് നം., പേര് | 268/25<br>വാർഡ് 22 ലെ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക നൽകൽ | 270/25<br>വാർഡ് 2 ലെ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തുക നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |

| | | |
|---|---|---|
| അടങ്കൽ | 1700000/- | 1700000/- |
| ചെലവ് | 200000/-<br>(തനത് ഫണ്ട്)<br>വൗച്ചർ<br>നം.22400919/<br>23-11-2024 | 200000/-<br>(തനത് ഫണ്ട്)<br>വൗച്ചർ<br>നം.22400918/<br>23-11-2024 |

2024-25 സാമ്പത്തിക വർഷത്തിൽ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 2, 22 വാർഡുകളിൽ മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയും ഐ.സി.ഡി.എസ് പദ്ധതിയുമായി സംയോജിപ്പിച്ച് കൊണ്ട് മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന് മഹാത്മഗാന്ധി എൻ ആർ ഇ ജി എസ്, സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം അക്കൗണ്ട് നം.799011400000486 എന്ന അക്കൗണ്ടിലേക്ക് 200000/- രൂപ വീതം നൽകിയിട്ടുണ്ട്.

അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതിയുടെ വിവരങ്ങളും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അറിയിക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.26/22-10-2025)

## 1-23 പൊതു സ്ഥലങ്ങളിൽ സിസി ടിവി സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| പ്രൊജക്ട് നം. | 314/25 |
| അടങ്കൽ | 3287312/- |
| ചെലവ് | 1314925/-<br>(336042/- ധനകാര്യ കമ്മിഷൻ അവാർഡ് + 978883/- ജില്ലാപഞ്ചായത്ത് വിഹിതം)<br>ട്രഷറി ബിൽ നം.21/21-03-2025 - 336042/-<br>Sanction Order No.930/21-03-2025 - 978883/- |

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിനെ മാലിന്യ മുക്തമാക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ മാതൃകാപരമായി ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സിസി ടിവി സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഓങ്ങല്ലൂർ പഞ്ചായത്തിലെ മാലിന്യങ്ങൾ റോഡരികിൽ വലിച്ചെറിയുന്ന പ്രധാനപ്പെട്ട 6 ജംഗ്ഷനുകളിൽ എ.എൻ.പി.ആർ ഓടുകൂടിയ സിസി ടിവി സ്ഥാപിക്കുന്നതിനും എം.സി.എഫ് ലും മറ്റ് 3 ലൊക്കേഷനുകളിലും കൂടി സിസി ടിവി സ്ഥാപിക്കുന്നതിനും താഴെ പറയും പ്രകാരം Proforma Invoice കെൽട്രോണിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇൻവോയ്സ് നം. | CPG/P160/24-25/25-02-2025 |
| Supply & Installation Of Outdoor Surveillance System In MCF Centre, Standalone Outdoor Surveillance System With ANPR At 6 Locations And Standalone Outdoor Surveillance System At 3 Locations With Centralized Monitoring Station At Ongallur Grama Panchayath, Palakkad | 1314925/- (40% Of Total Order Value – Including Tax) |

പദ്ധതിയുടെ ആകെ ചെലവ് തുക കണക്കാക്കിയിട്ടുള്ളത് 3287312/- രൂപയാണ് . ആയതിന്റെ 40% തുകയാണ് തൻവർഷം കെൽട്രോണിന് നൽകിയിട്ടുള്ളത്. സിസി ടിവികളും സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്, നിലവിൽ സിസി ടിവികളും സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റവും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളും Proforma Invoice പ്രകാരമുള്ള സിസി ടിവികളും സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സിസ്റ്റവും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ടാക്സ് ഇൻവോയ്സും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച വിവരങ്ങൾക്ക് രേഖകൾ സഹിതം വ്യക്തമായ വിശദീകരണവും ടാക്സ് ഇൻവോയ്സിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പും ലഭ്യമാക്കുന്നത് വരെ 1314925/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.19/21-10-2025)

## 1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്ട്-മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 43/25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| അടങ്കൽ,ചെലവ് | ₹300000 (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| ട്രഷറി ബിൽ നം. | 6/9.1.25 –₹300000 |

ഗ്രാമപഞ്ചായത്ത് NHM ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള മേൽ പ്രോജക്ട് മെഡിക്കൽ ഓഫീസർ ആയുർവേദം ആണ് നിർവഹണം നടത്തിയിട്ടുള്ളത്. സാമ്പത്തിക വർഷത്തെ പ്രോജക്ട് പ്രകാരം ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ₹300000 മുൻകൂറായി ഹോംകോ ആലപ്പുഴക്ക് നൽകിയിട്ടുണ്ടെങ്കിലും ആവശ്യമായ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. രോഗികൾക്ക് ഉപകാരപ്പെടും വിധം യഥാസമയം മരുന്നുകൾ ലഭ്യക്കാൻ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/16.10.25) മരുന്നുകൾ ലഭ്യമാക്കുന്നതിന് മൂന്ന് കത്തുകൾ ഹോംകോയിലേക്ക് അയച്ചിരുന്നു എങ്കിലും സ്ഥാപനത്തിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല. നാഷണൽ ആയുഷ് മിഷൻ ഫണ്ട് വഴി ലഭ്യമായ മരുന്നുകൾ നിലവിൽ സ്ഥാപനത്തിൽ ഉള്ളതിനാൽ രോഗികൾക്ക് യഥാസമയം നൽകാൻ സാധിക്കുന്നുണ്ട് എന്നും, എന്നിരുന്നാലും മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണെന്നും മരുന്നുകൾ ലഭ്യമായാൽ സ്റ്റോക്ക് എൻട്രി നടത്തി വിവരം സമർപ്പിക്കാം എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട വളരെയധികം ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ഭവനനിർമ്മാണം ആരംഭിച്ചതാണെങ്കിലും നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് ഭവനനിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | ആകെ നൽകിയ ധനസഹായം | ഇനി നൽകാൻ ബാക്കി | അവസാനമായി തുക നൽകിയത് |
|---|---|---|---|---|
| 1 | ചാമി/അമ്മിണി , വയമ്പത്തൊടി | 40000 | 360000 | 24.5.23 - 40000 |
| 2 | ജാനകി, പടപ്പാവിൽ | 40000 | 360000 | 24.5.23 - 40000 |
| 3 | ബാബു കെ, കയ്യാലകുന്നത്ത് | 40000 | 360000 | 24.5.23 - 40000 |
| 4 | കാളി ടി പി | 40000 | 360000 | 25.11.23- 40000 |
| 5 | ശാന്ത, പണ്ടാരത്തിൽ | 100000 | 300000 | 28.12.21- 100000 |
| 6 | മണികണ്ടൻ, തലാമിറ്റത്തൊടി | 210000 | 190000 | 28.3.23- 10000 |
| 7 | നിഷ വിജയൻ, വെള്ളക്കടമ്മാരിൽ | 40000 | 360000 | 40000 |
| 8 | രഘു, ചെട്ടിത്തൊടിപ്പറമ്പിൽ | 40000 | 360000 | 23.8.23 - 40000 |

(ലൈഫ് ഭവനനിർമ്മാണം യൂണിറ്റ്കോസ്റ്റ്- 4 ലക്ഷം രൂപ)

മേൽ ചേർത്ത പട്ടികയിൽ ഉൾപ്പെട്ട ഭൂരിപക്ഷം ഗുണഭോക്താക്കളും ആദ്യ ഗഡു കൈപ്പറ്റി തുടർന്ന് ഭവന നിർമാണം നടത്തിയിട്ടില്ല എന്നാണ് കാണുന്നത്. ഭവന നിർമാണത്തിനായി വിവിധ ഗഡു ധനസഹായം കൈപറ്റിയ ഗുണഭോക്താക്കൾ ഭവനനിർമാണം നടത്താത്തത്/പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/23.10.25) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കൾ ഭവനനിർമാണം തുടരുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കുന്നതിന് കരാർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വീട് വാസയോഗ്യമാക്കൽ പ്രോജക്ട്- മൂല്യ നിർണയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 76/25<br>വീട് വാസയോഗ്യമാക്കൽ – എസ് സി |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ, | ₹3150000<br>(വികസനഫണ്ട് എസ് സി പി 1575000, തനത് ഫണ്ട് 1575000) |
| ചെലവ് | ₹2425000<br>(വികസനഫണ്ട് എസ് സി പി 1410448, തനത് ഫണ്ട് 1014552) |
| ട്രഷറി ബിൽ നം. | 31/29.1.25 – 350000<br>32/29.1.25 – 475000<br>33/29.1.25 – 475000<br>46/21.3.25 – 110448 |
| വൗച്ചർ നം | 22401486/31.3.25 - 1014552<br>(തനത് ഫണ്ട്) |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്ടിലൂടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി നിർവഹിക്കുന്നതിനായി 2024-25 വർഷത്തിൽ ആദ്യ ഗഡു 25000 രൂപ നൽകിയ ഗുണഭോക്താക്കൾ 2025-26 വർഷത്തിൽ പണി പൂർത്തീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ ഫയലിൽ എൽ എസ് ജി ഡി - ഓവർസിയറുടെ മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടെത്തി. മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കി സൂക്ഷിക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1 | കാർത്യായനി എം മുണ്ടൻമാരിൽ |
| 2 | കാർത്യായനി പി എസ് പോയിലൻമാരിൽ |
| 3 | ഷീബ ഇ എം, നെന്മണിക്കുന്നത് |
| 4 | വിനോദ് കെ, കുരിയൻമാരിൽ |
| 5 | നാണി, കൊണ്ടിതൊടി |
| 6 | മോഹനകുമാരൻ കെ, കൊണ്ടിതൊടി |
| 7 | ഗോപാലൻ വി, ബിജു നിവാസ് |
| 8 | ശാരദ, മേലെപ്പാട്ട്പടി |
| 9 | രാമകൃഷ്ണൻ എം |

| | |
|---|---|
| 10 | കാർത്യായനി എം, മാങ്കാവിൽ |

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/17.10.25) നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മൂല്യ നിർണയ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-27 സ്പിൽ ഓവർ പ്രവൃത്തികളുടെ പൂർത്തീകരണം മോണിട്ടർ ചെയ്യപ്പെടുന്നില്ല-**

അസി. എഞ്ചിനീയർ മുഖേന നിർവ്വഹിക്കുന്ന 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്പിൽ ഓവർ പ്രവൃത്തികൾ സാമ്പത്തിക വർഷവും പൂർത്തീകരിച്ചതായി കാണുന്നില്ല.

1)So 191/25 – വിവിധ അങ്കണവാടികളുടെ നവീകരണം

അടങ്കൽ - 900000 – (714139 - മെയിന്റനൻസ് ഫണ്ട്- റോഡിതരം, 185861 -തനത് ഫണ്ട്)

ചെലവ് - 579610- / – (CC IInd & Part Bill -265853 -20/14.02.25

- 313757 -39/25.03.25)

കരാർ - 63/23-24/13.03.2023

കരാറുകാരൻ - ശ്രീ കെ.യൂസഫ്

വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് വർക്കുകളാണ് മേൽ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. (വാർഡ് -4, 5, 13, 10, 16, 12, 22- സെന്റർ നം. -1, 4, 9, 23, 29, 34, 39)

സെന്റർ നം -4 താമാനിക്കര അങ്കണവാടിയിൽ സീലിങ്ങ്, പ്ലാസ്റ്ററിങ്ങ്, ചുറ്റുമതിൽ നിർമ്മാണം എന്നിവ 249675 രൂപയുടെ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. അങ്കണവാടിയുടെ റൂഫ് സ്ലാബ് പൊളിച്ച് പുതിയ RCC സ്ലാബ് വാർക്കാതെ മറ്റ് പ്രവൃത്തികൾ ചെയ്യാൻ നാട്ടുകാർ അനുവദിക്കാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് അങ്കണവാടികളിലെ പ്രവൃത്തികളിലേക്ക് ഈ തുക ഉപയോഗിക്കാവുന്ന രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 5/1/18.10.24 പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതില്ലെന്നും വിഷയം രമ്യമായി പരിഹരിക്കുന്നതിന് മെമ്പറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കരാർ പ്രകാരം 6.12.24 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 31.03.25 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, അങ്കണവാടികളുടെ പ്രവർത്തനക്ഷമത എന്നിവ ലഭ്യമാക്കിയിട്ടില്ല.

2.So 195/25 – അലോപ്പതി സബ്സെന്ററുകളുടെ റിപ്പയർ

അടങ്കൽ - 700000 – - മെയിന്റനൻസ് ഫണ്ട്- റോഡിതരം

ചെലവ് - 175768-CC I &Part Bill -31/25.03.25

കരാർ - 8/24-25/15.10.2024

കരാറുകാരൻ - ശ്രീ അർജുൻ സി അജിത്ത്

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം താഴെപ്പറയുന്ന സബ്സെന്ററുകളുടെ മെയിന്റനൻസാണ് വിഭാവനം ചെയ്തിട്ടുള്ളത്.

കൊണ്ടൂർക്കര - 383344

വാടാനാംകുറുശ്ശി -141255

കരിമ്പുള്ളി -68589

കരാർ പ്രകാരം 14.04.25 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല .

മേൽ പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (16/21.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികളുടെ പൂർത്തീകരണം മോണിട്ടർ ചെയ്യേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-28 ഇ ടെണ്ടർ ഫീ വരവ് തനത് ഫണ്ടിലേക്ക് സമയബന്ധിതമായി മുതൽക്കൂട്ടിയിട്ടില്ല-**

അസി.എഞ്ചിനീയറുടെ പേരിലുള്ള SBI A/C, ഓങ്ങല്ലൂർ (No-37246578738) അക്കൗണ്ട് പരിശോധിച്ചതിൽ ഇ ടെണ്ടർ ഫീയിനത്തിൽ 20.07.25 വരെയുള്ള വരവ് 538743/-രൂപയാണ്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/21.10.25) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്ന തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - പുരോഗതി വിവരങ്ങൾ - അവലോകനം

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്.

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതി നടത്തിപ്പിലെ പുരോഗതി വിവരങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 02/13.10.2025) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ ആകെ 8298 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ നാളിതുവരെ 4889 കുടുംബങ്ങൾക്ക് കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും കുടിവെള്ളം ലഭിക്കുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ആകെ 142.4 കിലോമീറ്റർ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. Pumping Main ൽ നിന്നും റെയിൽവേ ക്രോസ്സിംഗ് കഴിഞ്ഞുള്ള പ്രവൃത്തികൾ പൂർത്തിയാക്കാത്തതാണ് പദ്ധതി വൈകാൻ കാരണം എന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഷെയർ ആയി തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 201 പൊതുടാപ്പുകളുണ്ട്. നിലവിൽ വിവിധ വാർഡുകളിലായി ഗുണഭോക്തൃസമിതികൾ മുഖേന പ്രവർത്തിച്ചുവരുന്ന കുടിവെള്ളപദ്ധതികളുടെ എണ്ണം ലഭ്യമാക്കിയിട്ടില്ല.

കേരള ജല അതോറിറ്റി, പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഷൊർണൂർ) 25.03.2023 ലെ KWA/PH/AE/Amnesty/2023 നം. കത്ത് പ്രകാരം ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ളതും, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളതുമായ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക 5,40,85,383/- രൂപ, സ.ഉ(സാധാ) 615/2022/WRD തീ. 18.07.2022, സർക്കുലർ നം.KWA/HO/RMC/R3-598/2022(1) തീ 21.07.2022 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം ആംനസ്റ്റി പദ്ധതിയുടെ ഭാഗമായി 9183089 രൂപയാക്കി കുറച്ച് നൽകിയിരുന്നു. പ്രസ്തുത തുക 4 ഗഡുക്കളായി അടവാക്കേണ്ടതാണെന്നും കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 4 മാസത്തിനുള്ളിൽ തുക അടവാക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ 13213968 എന്ന പുനർ നിർണ്ണയിച്ച തുകയും, തൊട്ടടുത്തുവരുന്ന മാസങ്ങളിലെ മുഴുവൻ തുകയും അടച്ച് കുടിശ്ശിക തീർക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 29.03.2023 ലെ ഭരണസമിതി തീരുമാന പ്രകാരം ആദ്യ ഗഡു 30 ലക്ഷം രൂപ അടയ്ക്കുന്നതിന് തീരുമാനിക്കുകയും വൗച്ചർ നം. 22300204/30.05.2023, 22300205/30.05.2023 എന്നിവ പ്രകാരം 15 ലക്ഷം രൂപ വീതം ആകെ 3000000 രൂപ അടവാക്കിയിട്ടുള്ളതാണ്. ബാക്കി തുക അടവാക്കിയതായി കാണുന്നില്ല.

കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ വാട്ടർ അതോറിറ്റിക്ക് (2021-22 മുതൽ തൻവർഷം വരെയുള്ളത്) നാളിതുവരെ കൈമാറിയിട്ടില്ല. പഞ്ചായത്ത് വിഹിതം കൃത്യമായി തിട്ടപ്പെടുത്തി ആയത് നൽകുവാനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതും, പദ്ധതി പുരോഗതിയും വെല്ലുവിളികളും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

## 1-30 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 വർഷം മുതൽ അനുവദിച്ചു വരുന്ന ആരോഗ്യമേഖലാഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ ലഭ്യമായതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹെൽത്ത് ഗ്രാന്റ്- സ്കീം3 Support For Diagnostic Infrastructure To The Primary Healthcare Facilities

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക(പലിശ ഉൾപ്പെടെ) | ആകെ | ആകെ ചെലവ് | ചെലവ് % | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | 0 | 451728 | 451728 | 291890 | 65 | 159838 |
| 2023-24 | 159838 | 1284354 | 1444192 | 573244 | **40** | 870948 |
| 2024-25 | 870948 | 556901 | 1427849 | 799749 | **56** | 628100 |
| **ആകെ** | | **2292983** | | **1664883** | **73** | |

ഹെൽത്ത് ഗ്രാന്റ്- സ്കീം4 Conversion Of Rural PHCs And Sub Centres Into Health And Wellness Centre

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ | ആകെ | ചെലവ് | ചെലവ് % | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | തുക(പലിശ ഉൾപ്പെടെ) | | | | |
|---|---|---|---|---|---|---|
| 2022-23 | 0 | 246704 | 246704 | 158561 | 64.27 | 88143 |
| 2023-24 | 88143 | 516953 | 605096 | 309538 | 51.16 | 295558 |
| 2024-25 | 295558 | 818166 | 1113724 | 281434 | 25.27 | 832290 |
| ആകെ | | 1581823 | | 749533 | 47.38 | |

ഹെൽത്ത് ഗ്രാന്റിന്റെ വർഷം തിരിച്ചുള്ള പ്രോജക്ട് ചെലവ് വിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | നിർവഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 2022-23 | | | | |
| 1 | 268/23ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | മെഡിക്കൽ ഓഫീസർ | 446616 | 291890 |
| | 269/23കുടുംബാരോഗ്യ കേന്ദങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | മെഡിക്കൽ ഓഫീസർ | 243883 | 158561 |
| 2023-24 | | | | |
| 1 | 182/24 ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | മെഡിക്കൽ ഓഫീസർ | 154726 | 145206 |
| 2 | 181/24 കുടുംബാരോഗ്യ കേന്ദങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്പിൽ ഓവർ) | മെഡിക്കൽ ഓഫീസർ | 85322 | 80599 |
| 3 | 284/24ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 1265000 | 428038 |
| 4 | 285/24 ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | 508000 | 228939 |
| 2024-25 * | | | | |
| 1 | 281/25ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | മെഡിക്കൽ ഓഫീസർ | 9520 | 4970 |

| | | | | |
|---|---|---|---|---|
| | നടപ്പാക്കൽ (സ്പിൽ ഓവർ) | | | |
| 2 | 395/25 ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ നടപ്പാക്കൽ | മെഡിക്കൽ ഓഫീസർ | 809000 | 2473 |
| 3 | 282/25 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | | 279061 | 278961 |
| 4 | 280/25 ഓങ്ങല്ലൂർ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ നടപ്പാക്കൽ | | 836962 | 805166 |

* 2024-25 ചെലവ് തുകകൾ വാർഷിക കണക്കിലും ചെലവ് പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.
** ഹെൽത്ത് ഗ്രാന്റ് സ്കീം 1 പ്രകാരം വരവ് ചെലവുകൾ ഇല്ല.

2021-22 വർഷം മുതൽ അനുവദിച്ചു വരുന്ന ആരോഗ്യമേഖലാഗ്രാന്റ് (ഹെൽത്ത് ഗ്രാന്റ്) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തികവർഷാവസാനം വരെ ഹെൽത്ത് ഗ്രാന്റ്- സ്കീം 3 ൽ 73 ശതമാനം മാത്രവും സ്കീം 4 ൽ 47 ശതമാനം മാത്രവുമാണ് ചെലവഴിച്ചിട്ടുള്ളത്. ഫലപ്രദമായ രീതിയിൽ ആരോഗ്യ മേഖല ഗ്രാന്റ് പ്രയോജനപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി വരവിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി/ കമ്പനി ഓരോ അർദ്ധ വർഷവും ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ നിർണയിക്കപ്പെട്ട പരമാവധി നിരക്കുകളിൽ കവിയാതെ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കാവുന്ന നിരക്കുകളിൽതൊഴിൽ നികുതി ചുമത്തേണ്ടതാണ്.

തൊഴിൽ നികുതി വരവിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു -

**1.ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും പ്രത്യേകം പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് ഓരോ സാമ്പത്തിക വർഷവും കാലികമാക്കേണ്ടതുമാണ്.
2. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി അടവാക്കാത്ത അർദ്ധ വർഷം |
|---|---|
| വാടാനംകുറിശ്ശി ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| മരുതൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| ഓങ്ങല്ലൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം | I & II |
| നീതി ലാബ്, വാടാനംകുറിശ്ശി | I & II |
| മെഡ്സ്റ്റാർ ഹോസ്പിറ്റൽ, കുളപ്പുള്ളി | I & II |
| ടെക്നിക്കൽ അസിസ്റ്റന്റ് | I |
| പ്രോജക്ട് അസിസ്റ്റന്റ് | I |
| ഹെൽത്ത് ഇൻസ്പെക്ടർ | I |
| MGNREGS (4 Staffs) | I & II |
| കൃഷി ഭവൻ, ഓങ്ങല്ലൂർ (5 Staffs) | I |
| ഹോമിയോ ഡിസ്പെൻസറി, ഓങ്ങല്ലൂർ (3 Staffs) | I |
| AUPS പുലശ്ശേരിക്കര (11 Staffs) | I |
| GLPS വാടാനംകുറിശ്ശി (16 Staff) | I |
| ALPS മുള്ളൂർക്കര (10 Staff) | I |
| AMUPS കാരാക്കാട് (29 Staff) | I |
| സൗധി സ്റ്റീൽസ്, പട്ടാമ്പി (9 Staff) | II |
| KSEB ഇലക്ട്രിക്കൽ ഡിവിഷൻ, പട്ടാമ്പി | I |
| KSEB ഇലക്ട്രിക്കൽ ഡിവിഷൻ, ഓങ്ങല്ലൂർ | I |
| ഗ്രാന്റ് ഹുണ്ടായി, പോക്കുപടി | I |
| റെയിൽവേ സ്റ്റേഷൻ, വാടാനംകുറിശ്ശി | I |
| റെയിൽവേ സ്റ്റേഷൻ, കാരക്കാട് | I |
| സുബ്ബിരൺ കാപിറ്റൽ | I |
| അക്ഷയ കേന്ദ്രം, ഓങ്ങല്ലൂർ | I & II |
| നിർണ്ണയ സ്പെഷാലിറ്റി ലബോറട്ടറി & ഇസിജി, ഓങ്ങല്ലൂർ | I & II |

3. തൊഴിൽ നികുതി രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. തൊഴിൽ നികുതി കുറവായി ഈടാക്കി

